**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 463** **28-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് എന്നു മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | 2022 ജൂലൈ ഒന്ന് മുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട വാർഷിക പ്രീമിയം എത്രയാണെന്നും ഒരു അംഗത്തിന് എത്ര രൂപയുടെ കവറേജ് ലഭ്യമാകുമെന്നും വ്യക്തമാക്കാമോ; | (ബി) | **മെഡിസെപ് പദ്ധതി പ്രകാരം ജീവനക്കാരൻ അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക GST ഉൾപ്പെടെ 6000/- രൂപ ആയി നിശ്ചയിച്ചിരിക്കുന്നു.**<br><br>പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും **മൂന്നു വർഷത്തെ പോളിസി കാലാവധിയ്ക്കുള്ളിൽ/ പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ** നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് മാത്രമായി ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ |

| | | | |
|---|---|---|---|
| | | | പോളിസി കാലയളവിനകത്ത്) ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്. |
| (സി) | പദ്ധതിയുടെ നിബന്ധനകൾ പ്രകാരം ഭർത്താവും ഭാര്യയും സർക്കാർ ജീവനക്കാരായാൽ രണ്ടുപേരും പദ്ധതിയിൽ ചേരുകയും പ്രീമിയം അടയ്ക്കുകയും ചെയ്യേണ്ടതുണ്ടോയെന്ന് അറിയിക്കാമോ; | (സി) | പദ്ധതിയുടെ നിബന്ധനകൾ പ്രകാരം ഭർത്താവും ഭാര്യയും സർക്കാർ ജീവനക്കാരായാൽ രണ്ടുപേരും പദ്ധതിയിൽ ചേരുകയും പ്രീമിയം അടയ്ക്കുകയും ചെയ്യേണ്ടതാണ്. |
| (ഡി) | എങ്കിൽ ഒരു പ്രീമിയം അടയ്ക്കുന്ന ഉദ്യോഗസ്ഥന് ലഭിക്കുന്നതിനേക്കാൾ രണ്ടു പ്രീമിയം അടയ്ക്കുന്ന ഉദ്യോഗസ്ഥരുടെ കവറേജ് തുകയിൽ ലഭിക്കുന്ന അധിക ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ഡി) | മെഡിസെപ്പിന്റെ നിബന്ധനങ്ങൾ പ്രകാരം ഒരു എംപ്ലോയ് ID /പെൻഷൻ ID ഉള്ള പോളിസി ഉടമയ്ക്ക് ഒരു പ്രീമിയത്തിന് മാത്രമേ അർഹതയുള്ളൂ. |
| (ഇ) | ഭാര്യയോ ഭർത്താവോ കേന്ദ്ര സർക്കാർ ജീവനക്കാരാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ ചികിത്സാ ആനുകൂല്യങ്ങൾ കൈപ്പറ്റുകയില്ല എന്ന മേലുദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ ചേർന്നു കഴിഞ്ഞിട്ടുണ്ടെങ്കിൽ അത്തരം ജീവനക്കാർക്ക് പദ്ധതിയിൽ നിന്നും വിട്ടു നിൽക്കുന്നതിന് പ്രത്യേക അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിലാണ് മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ സർക്കാർ വിഹിതമില്ല. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ ചികിത്സ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സംസ്ഥാന സർക്കാർ ജീവനക്കാരന്/ പെൻഷൻകാരന് മെഡിസെപ് അംഗത്വം നിർബന്ധമാണ്. മാത്രമല്ല നിർബന്ധിത അംഗത്വത്തിൽ നിന്നും ഏതെങ്കിലും ഗ്രൂപ്പിനെ ഒഴിവാക്കുന്നത് പോളിസി ഉടമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കുന്നതിനാലും ആയത് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വീഴ്ചയുണ്ടാക്കുന്നതിനാലും അത്തരം ജീവനക്കാർക്ക് പദ്ധതിയിൽ നിന്നും വിട്ടുനിൽക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ